**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3938** **24.08.2017-ന് മറുപടിയ്ക്ക്**

**വനഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമി**

**ചോദ്യം** **മറുപടി**

**ശ്രീ. പി.കെ.ശശി** **ശ്രീ. കെ. രാജു**
**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമി കൈമാറുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത നിയന്ത്രണങ്ങൾ പതിനായിരക്കണക്കിന് കർഷകർക്ക് ഭൂമി ക്രയവിക്രയത്തിന് സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2012 ലെ രജിസ്ട്രേഷൻ (കേരളഭേദഗതി) നിയമ പ്രകാരം രജിസ്ട്രേഷൻ ആക്റ്റിന്റെ 71-ാം വകുപ്പിൽ വരുത്തിയ ഭേദഗതി അനുസരിച്ച് സർക്കാർ ഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ ഭൂമികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന നിരാക്ഷേപപത്രം ആവശ്യമാണ്. വനാതിർത്തി വ്യക്തമായതും, തർക്കമില്ലാത്തതുമായ സ്ഥലങ്ങളിൽ കാലതാമസം കൂടാതെ വകുപ്പിൽ നിന്നും നിരാക്ഷേപപത്രം (എൻ.ഒ.സി) ലഭ്യമാക്കുന്നുണ്ട്. നിരാക്ഷേപപത്രം നൽകുന്നതിന് ചിലപ്പോഴൊക്കെ കാലതാമസം ഉണ്ടാകാറുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | ഇത് പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർസർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു.<br>04.04.2016-ലെ GO (P) No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് -1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വെ, ഹയർസർവ്വെ, മോഡേൺ സർവ്വെ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വനാതിർത്തി വേർതിരിക്കൽ പൂർണ്ണമായും നടത്തിയോ എന്നും ഇല്ലെങ്കിൽ എത്രത്തോളം പൂർത്തിയായി എന്നും വ്യക്തമാക്കുമോ; | (സി) | പ്രകൃത്യാലുള്ള വനാതിർത്തി ഉൾപ്പെടെ 14235- ഓളം കിലോമീറ്റർ വനാതിർത്തി വേർതിരിച്ചു കഴിഞ്ഞിട്ടുണ്ട്. |

(ഡി) സംസ്ഥാനത്തെ വനഭൂമി എത്ര കി.മീറ്റർ ആണ്; അതിൽ എത്ര കി.മീറ്റർ എവിടെയെല്ലാം വേർതിരിച്ചിട്ടുണ്ട്; ഇനി എത്ര വേർതിരിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(ഡി) 2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി 16,845 ഓളം കിലോമീറ്ററാണ്. ആയതിൽ എത്ര കി.മീറ്റർ എവിടെയെല്ലാം വേർതിരിച്ചിട്ടുണ്ട് എന്നുള്ളതിന്റെയും, ഇനി വേർതിരിക്കാനുള്ളതിന്റെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കിൾ | വനാതിർത്തി (കിലോമീറ്ററിൽ) | |
|---|---|---|---|
| | | 31.03.2017 വരെ ഡിമാർക്കേറ്റ് ചെയ്തതും, പ്രകൃത്യാൽ ഉള്ളതുമായ വനാതിർത്തി | 31.03.2017 ൽ ബാക്കി ഡിമാർക്കേറ്റ് ചെയ്യേണ്ട വനാതിർത്തി |
| 1 | 2 | 3 | 4 |
| 1 | സതേൺ സർക്കിൾ, കൊല്ലം | 2386.91 | 245.99 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 1711.89 | 1091.52 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 2232.90 | 17.40 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 2831.82 | 729.90 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 3010.18 | 379.40 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 304.25 | 18.85 |
| 7 | ഫീൽഡ് ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ്, കോട്ടയം | 740.17 | 99.60 |
| 8 | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 986.54 | 58.48 |
| | **ആകെ** | **14204.66** | **2641.14** |

**സെക്ഷൻ ഓഫീസർ**